(സി) ചെങ്ങന്നൂരിൽ പോലീസ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) പ്രസ്തുത പോലീസ് ക്വാർട്ടേഴ്സുകളിൽ ഇപ്പോൾ ആരും താമസിക്കുന്നില്ല.

നീതിന്യായ വകുപ്പിലെ മുൻസിഫ് മജിസ്ട്രേറ്റ്/തസ്തികകൾ

42 (753) ശ്രീ. ടി.കെ. നൗഷാദ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീതിന്യായവകുപ്പിലെ മിനിസ്റ്റീരിയൽ സ്റ്റാഫിന് മുൻസിഫ്/മജിസ്ട്രേറ്റ് തസ്തികകളിൽ നിശ്ചിത ശതമാനം സംവരണം ഏർപ്പെടുത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്പോൾ തയ്യാറാക്കിയിട്ടുള്ള റാങ്ക് ലിസ്റ്റിൽ പ്രസ്തുത സംവരണം പാലിച്ചിട്ടുണ്ടോ എന്ന വിവരം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(സി) നിലവിലുള്ള റാങ്ക്ലിസ്റ്റിൽ ജുഡീഷ്യറിയിലെ സ്റ്റാഫിനെ കൂടി ഉൾപ്പെടുത്തി റാങ്ക് ലിസ്റ്റ് പുന:പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഏതെല്ലാം വിഭാഗക്കാർക്കാണ് സംവരണാനുകൂല്യം നൽകിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത റാങ്ക് ലിസ്റ്റ് സംബന്ധിച്ച് കോടതികളിൽ എന്തെങ്കിലും കേസ്സുകൾ നിലവിലുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി)-(സി) സംവരണ കാറ്റഗറിയിൽ നിശ്ചിത യോഗ്യതയുള്ള മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ അഭാവമുള്ളതിനാൽ അവരെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ നിലവിലുള്ള റാങ്ക് ലിസ്റ്റ് പുനഃപ്രസിദ്ധീകരിക്കേണ്ട ആവശ്യമില്ല.

(ഡി) ഗവൺമെന്റ് ലാ കോളേജിലെ ഒരു ഫുൾ ടൈം ലക്ച്ചറർക്ക് ഇപ്രകാരമുള്ള സംവരണാനുകൂല്യം നൽകിയിട്ടുണ്ട്.

(ഇ) ഇല്ല.

ജുഡീഷ്യൽ ആഫീസർമാരുടെ റിട്ടയർമെന്റ്

43 (754) ശ്രീ. ജോർജ്ജ് ജെ. മാത്യു : താഴെകാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ ജുഡീഷ്യൽ ആഫീസർമാരുടെ റിട്ടയർമെന്റ് പ്രായം എത്രയാണ്?

ഉത്തരം

കേരളത്തിലെ സബോർഡിനേറ്റ് ജുഡീഷ്യൽ ആഫീസർമാരുടെ റിട്ടയർമെന്റ് പ്രായം 60 വയസ്സായി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 58 വയസ്സിനു മേൽ തുടരാൻ അനുവദിക്കുന്നത് ഹൈക്കോടതി നടത്തുന്ന അവലോകനത്തിനു വിധേയമാണ്.

LIBRARY ARCHIVES Kerala Legislative Assembly